F. C.

# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : രാജേഷ് രവീന്ദ്രൻ ഐ.എഫ്.എസ്**

വിഷയം : വനം വകുപ്പിലെ ജീവനക്കാർക്കുള്ള ഐഡന്റിറ്റി കാർഡുകൾ അനുവദിക്കുന്നതിനുള്ള അധികാരം വികേന്ദ്രീകരിക്കുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന : ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 10-08-2020 തീയതിയിലെ 02/2020 നമ്പർ സർക്കുലർ.

## നടപടി ഉത്തരവ് നമ്പർ എച്ച്3-3293/2020 തീയതി 18-09-2020

വനം വകുപ്പിലെ എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കുമുള്ള തിരിച്ചറിയൽ കാർഡുകൾ നാളിതുവരെയും പ്ലാനിംഗ് & ഡെവലപ്മെന്റ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നുമാണ് അനുവദിച്ച് നൽകിയിരുന്നത്. എന്നാൽ സംസ്ഥാനത്തെ വനം വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കുമുള്ള തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി ടി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുന്നതിനുള്ള അധികാരം വികേന്ദ്രീകരിച്ചുകൊണ്ട് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ടി സർക്കുലർ പ്രകാരം ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരുടെ തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുന്നതിനുള്ള അധികാരം ഭരണവിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കാണ്.

- എല്ലാ സ്റ്റേറ്റ് ഫോറസ്റ്റ് സർവീസ് ഓഫീസർമാർ (DCFs/ACFs/RFOs),
- സ്റ്റേറ്റ് മിനിസ്റ്റീരിയൽ സർവീസ് ഓഫീസർമാർ (Sr. AAs, AAs, SSs),
- വൈൽഡ്‌ലൈഫ് എഡ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർമാർ,
- ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ,
- വനം വകുപ്പിന്റെ ആസ്ഥാന ഓഫീസിലും പി.ടി.പി നഗറിൽ സ്ഥിതി ചെയ്യുന്ന ഓഫീസിലും ജോലി ചെയ്യുന്ന എല്ലാ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് ജീവനക്കാർ, സംരക്ഷണ വിഭാഗം ജീവനക്കാർ.
- വനം വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ ജോലി ചെയ്യുന്ന മറ്റ് വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്ന ഉദ്യോഗസ്ഥർ,

ടി സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. മേൽ പരാമർശിച്ച ജീവനക്കാരുടെ തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷകളിന്മേലുള്ള തുടർനടപടികൾ ഈ ഓഫീസിലെ എച്ച്3 സെക്ഷനിൽ നിർവ്വഹിക്കേണ്ടതാണ്. സെക്ഷനിൽ കൈപ്പറ്റിയ അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.
2. ടി തിരിച്ചറിയൽ കാർഡുകളുടെ ഡിസൈനിങ് /പ്രിന്റിംഗ് സംബന്ധമായ ജോലികൾ, നിലവിൽ അത് ചെയ്തുവരുന്ന ബൈൻഡർ ശ്രീ. ഓ. ബി. ഷാജി ബാലമോഹൻ തന്നെ നിർവ്വഹിക്കേണ്ടതാണ്.

3. നിലവിൽ പ്ലാനിംഗ് & ഡെവലപ്മെന്റ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫിസിന് കീഴിൽ ജോലി ചെയ്തുവരുന്ന ബൈൻഡർ ശ്രീ.ഓ.ബി.ഷാജി ബാലമോഹൻ ഇനിമുതൽ ഈ ഓഫീസിലെ H സെക്ഷൻറെ കീഴിൽ മേൽ ജോലികൾ നിർവ്വഹിക്കേണ്ടതാണ്.

തിരിച്ചറിയൽ കാർഡിനുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോം വനം വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും, ഈ ഓഫീസിലെ എച്ച് സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്. തിരിച്ചറിയൽ കാർഡ് ലഭിക്കേണ്ടവർ മേൽ അപേക്ഷ ഫോം എല്ലാ കോളങ്ങളും പൂരിപ്പിച്ച് ആറു മാസത്തിനുള്ളിൽ എടുത്ത രണ്ട് കളർ പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിച്ച് ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ഈ ഓഫീസിലെ H സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

**രാജേഷ് രവീന്ദ്രൻ ഐ.എഫ്.എസ്**
**അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)**

To

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & HoFF ന്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്).
3. എല്ലാ ഓഫീസ് മേധാവിമാർക്കും.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഐ.ടി)ക്ക്. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്.
5. ശ്രീ.ഓ.ബി.ഷാജി ബാലമോഹൻ, ബൈൻഡർ, O/o അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം).
6. സ്റ്റോക്ക് ഫയൽ/ സ്പെയർ.